പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന നടത്തറ, ആദത്ത് പഞ്ചായത്തുകളിലെ ട്രാൻസ്മിഷന്റെ പണിയും പൈപ്പിന്റെ പണിയും 70 ശതമാനം പൂർത്തിയായി. അതുപോലെതന്നെ മറ്റു പ്രവർത്തനങ്ങളും വളരെ വേഗതയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ഒരു കാര്യം അനുസ്മരിപ്പിക്കട്ടെ. 7 പഞ്ചായത്തുകളിൽ കോലഴി, ആദത്ത് ഒഴികെയുള്ള പഞ്ചായത്തുകളിൽ ഭാഗികമായി പൂർത്തിയായതിന്റെ ഫലമായി ഭാഗികമായി ഇപ്പോഴും വെള്ളം കൊടുക്കുന്നുണ്ട്. അതായത് അയ്യന്തോൾ, അരിമ്പൂർ, മണലൂർ, മടത്തറ, കിള്ളന്നൂർ എന്നീ പഞ്ചായത്തുകളിൽ ഭാഗികമായി വെള്ളം കൊടുക്കുന്നുണ്ട്. അതിനു പുറമെ സന്തോഷകരമായ ഒരു കാര്യമുള്ളത് ആദ്യം 7 പഞ്ചായത്തുകളാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും വിൽവട്ടം, കുറുക്കഞ്ചേരി എന്നീ രണ്ടു പഞ്ചായത്തുകൾകൂടി accelerated വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി വെള്ളം കൊടുക്കാനുള്ള പരിപാടി ആസൂത്രണം ചെയ്തിരിക്കുകയാണ്. അതായത് ഈ സ്കീമിൽ 2 പഞ്ചായത്തുകൾക്ക് ആവശ്യമായ വെള്ളം ഫീഡു ചെയ്യാനുള്ള ഏർപ്പാടുകൾ നടന്നിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയായാൽ തൃശ്ശൂർ ജില്ലയിലെ മുനിസിപ്പാലിറ്റികളിലെ ജലവിതരണം ശക്തമാക്കാനും 9 പഞ്ചായത്തുകളിൽ പൂർണ്ണമായി വെള്ളം നൽകാനും കഴിയുന്നതാണ്. എന്തായാലും ഈ പദ്ധതിയുടെ പ്രാധാന്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു തർക്കവുമില്ല. തൃശ്ശിവപേരൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു സ്കീം എന്ന നിലയിൽ ഈ സ്കീമിന്റെ പ്രവർത്തനം താളത്തിലാക്കുവാൻ ഈ ഗവൺമെന്റ് ഒരിക്കലും അനുവദിക്കുകയില്ല. തന്നെയുമല്ല ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞിട്ടുണ്ട് ഇങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് ധനം ഒരിക്കലും ഒരു പ്രതിബന്ധമാകുകയില്ലായെന്ന്. അതുകൊണ്ട് ഇതിന് ആവശ്യമായ ധനം കണ്ടെത്തിയിട്ടുണ്ട്. ഇതിനുവേണ്ട നിർമ്മാണപ്രവർത്തനങ്ങൾ വളരെ വേഗതയിൽ ആക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇതിന് 50 ലക്ഷം രൂപ അടിയന്തിരമായി അനുവദിക്കേണ്ടതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഇതിന് അക്വയർ ചെയ്ത സ്ഥലത്തിന്റെ വില ഉടനെ കെട്ടിവച്ചില്ലെങ്കിൽ അക്വിസിഷൻ നടപടികൾ ലാപ്സാകുമെന്ന് തഹസിൽദാർ അറിയിച്ചിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി ഈ കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം.

ശ്രീ. കെ. എം. മാണി: സർ, അത് ലാപ്സാകുമോ എന്ന പ്രശ്നം അറിഞ്ഞുകൂടാ. എന്തായാലും അക്വിസിഷന് കോമ്പൻസേഷൻ കോടതിയിൽ കെട്ടിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാം.

(2) കയർ വ്യവസായ മേഖലയിൽ ഉളവായിട്ടുള്ളതായ ഗുരുതരാവസ്ഥ

ശ്രീ. വി.കെ. രാജൻ: സർ, കേരളത്തിലെ 5 ലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണിയിലാണ്. ഇത് രണ്ടു കാരണങ്ങളാലാണ്. ഒന്ന്, തൊണ്ട് ലഭിക്കാതെ ജോലി കൊടുക്കാൻ കഴിയുകയില്ല. രണ്ട്, അവർ ഉൽപ്പാദിപ്പിക്കുന്ന കയർ ഉൽപ്പന്നങ്ങൾ കയർ മാർക്കറ്റിംഗ് ഫെഡറേഷനെ ഏൽപ്പിച്ചാൽ അതിന്

LIBRARY ARCHIVES Kerala Legislative Assembly

പണം ലഭിക്കുന്നില്ല. ഈ അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. അങ്ങനെ കേരളത്തിലെ കായലോര കടലോര പ്രദേശങ്ങളിലെ തൊഴിലാളികൾക്ക് പൂർണ്ണമായും തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്ന ഘട്ടത്തിലാണ് ഈ നിയമസഭ സമ്മേളിക്കുന്നത്. ഇപ്പോൾ കയറും കയറുൽപ്പന്നങ്ങളുമായി ബന്ധമുള്ള 460-ൽ പരം വരുന്ന സഹകരണ സംഘങ്ങളും 7 കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങളും മാർക്കറ്റിംഗ് ഫെഡറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. അതിന് അവർക്ക് വില കിട്ടിയിട്ടില്ല. അതുപോലെ സഹകരണസംഘങ്ങളിൽ ഒന്നരക്കോടിയിൽപരം വരുന്ന ചരക്കുകളും കെട്ടി കിടക്കുന്നു. അതിന്റെ ഫലമായി കയർത്തൊഴിലാളികൾക്ക് ചെയ്ത ജോലിക്ക് കൂലി കൊടുക്കാൻ കഴിയാത്ത സ്ഥിതി വിശേഷമാണ് ഇപ്പോൾ നമ്മുടെ സ്സംസ്ഥാനത്ത് സംജാതമായിരിക്കുന്നത്. ഇത്തരം പരിതഃസ്ഥിതിയിൽ കേരളത്തെ സംബന്ധിച്ച് കയർവ്യവസായ പുനഃസംഘടന സ്കീം പ്രാവർത്തികമാക്കിയ ഒരു സ്ഥിതിവിശേഷം ഒരിക്കലും ഉണ്ടായിട്ടില്ല. എന്നാൽ ഒരു ഗവൺമെന്റ് എന്ന നിലയിൽ ഇതിന് എന്തെങ്കിലും ഒരു പരിഹാരം കാണുന്നതിനും പരിരക്ഷ നൽകുന്നതിനും ആവശ്യമായ നടപടികളും ഇതുവരെ കൈക്കൊണ്ടിട്ടില്ല. ഇപ്പോൾ കയർ മാർക്കറ്റിംഗ് ഫെഡറേഷനിൽനിന്ന് ഒരു പ്രത്യേക ഉത്തരവ് പ്രൈമറി സഹകരണ സംഘങ്ങൾക്ക് വന്നിരിക്കുന്നു. ഒരു മാസക്കാലത്തേക്ക് കയർ ഇറക്കേണ്ടതില്ല. അവരവരുടെ സഹകരണ സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയറുൽപ്പന്നങ്ങൾ അവിടെ ഇരിക്കട്ടെയെന്നാണ്. സഹകരണസംഘങ്ങൾക്ക് പ്രവർത്തിച്ച് മുന്നോട്ട് പോകാൻ നിർവ്വാഹമില്ലാത്ത ഘട്ടത്തിൽ പ്രൈമറി സഹകരണസംഘത്തിന്റെ ഭാരവാഹികൾ ജോലി നിറുത്തിവച്ചിരിക്കുന്നു എന്ന നോട്ടീസ് ബോർഡാണ് വച്ചിരിക്കുന്നത്. ഇതിനെ സംബന്ധിച്ച് നിരവധി പ്രാവശ്യം ചർച്ചകൾ നടത്തിയിട്ടുണ്ട്. കയർ മാർക്കറ്റിംഗ് ഫെഡറേഷൻ തന്നെ മുൻകൈയെടുത്ത് ഇതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഇന്നത്തെ ധനകാര്യമന്ത്രി ശ്രീ. തച്ചടി പ്രഭാകരന്റെ നേതൃത്വത്തിൽതന്നെ മന്ത്രിയെ കണ്ടിട്ടുണ്ട്. മാർക്കറ്റിംഗ് ഫെഡറേഷന്റെ ജനറൽ ബോഡിയോഗങ്ങൾ ചേർന്നിട്ടുണ്ട്. എങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇതിനുമുമ്പ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത്—ശ്രീ. നായനാർ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം ഒരു സ്ഥിതി കേരളത്തിൽ ഉണ്ടായിരുന്നു. അന്ന് കയറുൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത ഒരു സാഹചര്യം വന്നു. അന്നത്തെ കേരളാ ഗവൺമെന്റ് ഇതിനുവേണ്ടി 2 കോടി രൂപ നീക്കിവച്ചു. അങ്ങനെ മാർക്കറ്റിംഗ് ഫെഡറേഷന് 2 കോടി രൂപ നൽകിക്കൊണ്ട് താൽക്കാലികമായ പരിഹാരം ഉണ്ടാക്കാൻ ശ്രമിച്ചു. എന്നാൽ ഇന്ന് 4–5 കോടി രൂപ പ്രൈമറി സംഘങ്ങൾക്ക് കൊടുക്കാനുള്ള ഘട്ടത്തിൽ പോലും ആ സംഖ്യ കൊടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ മന്ത്രി തയ്യാറായില്ല. മന്ത്രി തയ്യാറാകുമെന്ന് എനിക്ക് വിശ്വാസവുമില്ല. കാരണം ഈ വ്യവസായത്തിൽ വളരെ താൽപ്പര്യമുള്ള ആളല്ല മന്ത്രി. ആദ്യം ഞങ്ങൾ വിചാരിച്ചിരുന്നത് ഈ വ്യവസായവുമായി വലിയ ബന്ധമില്ലാത്ത ആളാണെങ്കിലും മന്ത്രി എന്ന നിലയിൽ പഠിച്ച് കാര്യങ്ങൾ ശരിയാക്കുമെന്നാണ്. എന്നാൽ 4 വർഷക്കാലം പിന്നിട്ടതിനുശേഷം ഏതെങ്കിലും നിലയിൽ കയർവ്യവസായത്തെരക്ഷിക്കാൻ വേണ്ടിയുള്ള ഒരു നടപടിയും അദ്ദേഹം സ്വീകരിച്ചില്ല. ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുന്നതെന്തെന്നു വച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

കയർ വ്യവസായ രംഗത്തെ പ്രതിസന്ധി പരിഹരിക്കപ്പെടുന്നതിന് അടിയന്തിരമായി 5 കോടി രൂപ സ്റ്റേറ്റ് ബജനാവിൽനിന്നും കയർ മാർക്കറ്റിംഗ് ഫെഡറേഷന് കടമായി കൊടുക്കണമെന്നാണ്. അങ്ങനെ വാങ്ങിച്ച കയർ ഉൽപ്പന്നങ്ങളുടെ വില കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ഞാൻ ഇപ്പോഴത്തെ വ്യവസായമന്ത്രിയിൽ മാത്രം വിശ്വാസം അർപ്പിക്കുന്നില്ല. കയർ വ്യവസായമേഖലയിലെ ഒരു പ്രവർത്തകനായിരുന്ന ശ്രീ. തച്ചടി പ്രഭാകരൻ ഇപ്പോഴത്തെ ധനകാര്യമന്ത്രിയാണ്. അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ് ഇതിന് ആവശ്യമായ സംഖ്യ-കഴിഞ്ഞകാലങ്ങളിൽ നായനാർ ഗവൺമെന്റിന്റെ കാലത്ത് അദ്ദേഹം അപ്പുറത്താണ് ഇരുന്നതെങ്കിൽപോലും ആ സംഖ്യ വാങ്ങിക്കുവാൻ നിർബന്ധം പിടിച്ചു. അത് വാങ്ങി തൊഴിലാളികളെ രക്ഷിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതിനേക്കാളും ഉത്തരവാദിത്വബോധം ഇന്ന് ധനകാര്യമന്ത്രി എന്ന നിലയിലുണ്ടാകണം. ആ ഉത്തരവാദിത്വബോധത്തോടുകൂടി 5 കോടി രൂപ ഇതിന് നീക്കിവയ്ക്കുവാൻ മുൻകൈ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുനുള്ളത്.

രണ്ടാമതായി ഈ കയർ വ്യവസായത്തിൽ ഇന്ന് മറ്റൊരു പ്രതിസന്ധിയുണ്ട്. 200 ദിവസം കേരളത്തിലെ കയർത്തൊഴിലാളികൾക്ക് ജോലി കൊടുക്കണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് 80 കോടി തൊണ്ട് സംഭരിക്കണം. എന്നാൽ ഗവൺമെന്റിന്റെ ടാർജറ്റ് 40 കോടിയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം 10 കോടിയിൽപ്പരം തൊണ്ട് മാത്രമേ സംഭരിക്കാൻ ഇതിനകം കഴിഞ്ഞിട്ടുള്ളൂ. അതൊന്നും യഥാർത്ഥ വില കുറച്ചുകൊടുത്തിട്ടൊന്നുമല്ല. ബ്ലാക്ക് മാർക്കറ്റിൽ വാങ്ങുന്നതിനുള്ള നടപടികളാണിപ്പോഴുള്ളത്. എന്നാൽ കൂനിൻമേൽ കുരുവെന്നോണം കയർത്തൊഴിലാളികളെ ദ്രോഹിക്കാനാണ് ഗവൺമെന്റ് കൂട്ടുനിൽക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ തൊണ്ട് നിയന്ത്രണ ഉത്തരവുണ്ട്. ആ തൊണ്ട് നിയന്ത്രണ ഉത്തരവിനെ മറികടന്നുകൊണ്ട് റെറിംഗ് പോയിന്റിൽനിന്ന് തൊണ്ട് സംഭരിക്കാനുള്ള നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ കുറ്റമാണെന്നു ഇവർ പറയുന്നു. ഞാൻ മനസ്സിലാക്കിയിടത്തോളം കേന്ദ്രഗവൺമെന്റ്, സ്റ്റേറ്റ് ഗവൺമെന്റിന്റെ അഭിപ്രായമെന്താണെന്ന് പല ഘട്ടങ്ങളിലും ആരാഞ്ഞു. അങ്ങനെ ആരാഞ്ഞപ്പോഴും ഇവിടെ തൊണ്ട് നിയന്ത്രണ ഉത്തരവ് മുൻനിറുത്തിയുള്ള ഒരു പ്രായോഗിക നിർദ്ദേശമല്ല ഈ ഗവൺമെന്റ് നൽകപ്പെട്ടത്. അതിന്റെ ഫലമായിട്ട് തൊണ്ട് ചീയിക്കുന്ന കേന്ദ്രങ്ങളിൽനിന്ന് തൊണ്ട് ലെവിയായിട്ട് എടുക്കാനുള്ള ഒരു നടപടിയാണ് ഗവൺമെന്റ് അവലംബിക്കാൻ പോകുന്നതെന്ന് മനസ്സിലാക്കുന്നു. അതിന്റെ പ്രഖ്യാപനങ്ങളും വന്നതായിട്ടും മനസ്സിലാക്കുന്നു. എന്നു പറഞ്ഞാൽ സഖാവ് ററി.വി. തോമസ് അവിഷ്കരിച്ച് നടപ്പാക്കിയ കയർ വ്യവസായ പുനഃസംഘടന സ്കീം ഇപ്പോൾ സേട്ടുമാരുടേയും ഭായിമാരുടേയും ഈ നാട്ടിലുള്ള തൊണ്ട് മുതലാളിമാരുടേയും കൈകളിലേക്ക് 5 ലക്ഷം കയർത്തൊഴിലാളികളെ വലിച്ചെറിഞ്ഞു കൊടുക്കുന്ന ഒരു പരിതഃസ്ഥിതിയാണ് ഈ കരുണാകരൻ ഗവൺമെന്റും, ഈ അഹമ്മദ് മന്ത്രിയുമായി ഇവിടെ നടത്താൻ പോകുന്നത്. അതുകൊണ്ട് റെറിംഗ് പോയിന്റിൽനിന്നും തൊണ്ടെടുക്കാനുള്ള നടപടിയിൽനിന്ന് ഗവൺമെന്റ് പിൻവാ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങണം. റെറിംഗ് പോയിൻറിൽനിന്നും തൊണ്ട് എടുക്കുമെന്നുള്ളത് പണ്ടുള്ളതാണ്. തൊണ്ട് നിയന്ത്രിണത്തീരുവ നിലനിൽക്കുന്ന ഘട്ടത്തിൽത്തന്നെ. എന്നാൽ മൂവ്മെൻറ് ഫ്ലൂറിയായിൽ നിന്ന് എടുക്കുമെന്ന് പണ്ട് തീരുമാനിച്ചു. ഒരുലക്ഷം തൊണ്ട് സംഭരിച്ച കഥകൊണ്ട് നമുക്കറിയാം. അതുകൊണ്ട് റെറിംഗ് പോയിൻറിൽ നിന്നെടുക്കുമെന്നുള്ളത് മാറ്റി നിലവിലുള്ള തൊണ്ട് നിയന്ത്രണം നടപ്പിലാക്കിയാൽ കയർ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് സ്ഥിരം ജോലികൊടുക്കാൻ ആവശ്യമായ 80 കോടി തൊണ്ട് സംഭരിക്കാൻ പ്രയാസമില്ല. 400 കോടി തേങ്ങ ഉൽപ്പാദിപ്പിക്കുന്ന ഇവിടെ 80 കോടി തൊണ്ട് സംഭരിക്കാൻ പ്രയാസമില്ല. ഇത് ഗവൺമെൻറിൻെറ തെറ്റായ നടപടിയാണ്. സാമ്പത്തികമായി സഹകരണസംഘങ്ങളെ സഹായിക്കാത്ത ഉൽപ്പന്നങ്ങൾക്ക് വില കിട്ടാതെ കയർത്തൊഴിലാളികളേയും കേരളത്തേയും തകർക്കുന്ന ഒരു നടപടിയാണ് ഗവൺമെൻറ് സ്വീകരിക്കുന്നത്. അതിൽനിന്ന് പിൻമാറി അടിയന്തിരമായി 5 കോടി രൂപ അനുവദിക്കണമെന്നും ഈ തൊണ്ട് നിയന്ത്രണ ഉത്തരവിന് മാറ്റം വരുത്തരുതെന്നും ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, കയർ വിപണന രംഗത്തുണ്ടായിട്ടുള്ള മാന്ദ്യം കാരണം കയർ ഫെഡറേഷന് സഹകരണസംഘങ്ങളിൽനിന്നും [illegible] വാങ്ങുന്നതിനും വാങ്ങിവച്ച കയർ വിപണനം ചെയ്യുന്നതിനും പ്രയാസമുള്ളതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോഴും മാർക്കറ്റിംഗ് ഫെഡറേഷൻ മാറ്റ്സ് ആൻറ് മാറ്റിംഗ് സൊസൈറ്റികളുടെ ഉൽപ്പന്നങ്ങൾ വാങ്ങുന്നുണ്ട്. എന്നാൽ കയർ യാൺ ഫെഡറേഷൻെറ കയ്യിൽ ഇപ്പോഴും കെട്ടിക്കിടക്കുന്നുവെന്നുള്ളത് ശരിയാണ്. ഇടയ്ക്കിടക്ക് ഇങ്ങനെ കയർ രംഗത്ത് ചില പുതിയ പ്രതിഭാസങ്ങളുണ്ടാകാറുണ്ട്. 30–6–1985–മുതൽ കയർ ഫെഡറേഷൻെറ സ്റ്റോക്ക് 203 ലക്ഷം രൂപയായിരുന്നത് ഇപ്പോഴും 650 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട് എന്നുള്ളത് ഒരു സത്യമാണ്. ഈ 650 ലക്ഷം രൂപയുടെ സ്റ്റോക്കിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകേണ്ടത് 140 ലക്ഷത്തോളം രൂപയാണ്. അതോടൊപ്പംതന്നെ പല സഹകരണസംഘങ്ങളിലും ഏതാണ്ട് 100 ലക്ഷത്തോളം രൂപയുടെ സ്റ്റോക്ക് കെട്ടിക്കിടക്കുന്നുണ്ട്. ഇത് മാർക്കറ്റിംഗ് ഫെഡറേഷൻ വാങ്ങി വിപണനം നടത്താതിരിക്കാനുള്ള പ്രധാനപ്പെട്ട കാരണം കയറിനുണ്ടായ വിലയിടിവാണ്. ഇന്ന് പൊതുവിപണിയിലും ഫെഡറേഷൻ സഹകരണവിപണിയിലുമുള്ള വ്യത്യാസം വിവിധ ഇനങ്ങളിൽ കയറിന് 50 രൂപ മുതൽ 150 രൂപ വരെയാണ്. സർ, 1985–ൽ കയർ മാർക്കറ്റിൽ വില കൂട്ടിയപ്പോഴും ഫെഡറേഷനും വില വർദ്ധിപ്പിച്ചു. പക്ഷെ ഫെഡറേഷൻ വില സീമാതീതമായി വർദ്ധിപ്പിക്കുന്ന ഘട്ടം വന്നപ്പോഴും കയർബോർഡ് ഗവൺമെൻറിനെ സമീപിച്ചു. ഇങ്ങനെ വില അനിയന്ത്രിതമായി ഉയർത്തിയാൽ പെട്ടെന്ന് മാർക്കറ്റിൽ മാന്ദ്യമുണ്ടാകുമ്പോഴും സഹകരണസംഘങ്ങൾക്ക് വിഷമമുണ്ടാകുമെന്ന് ഗവൺമെൻറ് പറഞ്ഞിരുന്നത് സത്യമാണ്. ഈ അവസരത്തിൽ നിർഭാഗ്യകരമായ മറ്റൊരു അവസ്ഥകൂടിയുണ്ടായിയെന്ന് കയർ രംഗത്തെ സംബന്ധിച്ച് വളരെ ആവേശപൂർവ്വം പറഞ്ഞ എൻെറ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. രാജനേയും അദ്ദേഹത്തെപ്പോലെയുള്ളവരെയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിർഭാഗ്യവശാൽ ചില സഹകരണസംഘങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പൊതു മാർക്കറ്റിൽ കൂടുതൽ വില കിട്ടിയപ്പോൾ ഫെഡറേഷനു നൽകേണ്ടതായ കയർ പൊതു മാർക്കറ്റിൽ വിറ്റു. ഇന്ന് പൊതു മാർക്കറ്റിൽ വില കുറഞ്ഞപ്പോൾ അത് ഫെഡറേഷൻ വാങ്ങണമെന്നുവന്നു. ഫെഡറേഷന് വാങ്ങാനുള്ള ബാദ്ധ്യതയുണ്ട്. അത് ഞാൻ സമ്മതിക്കുന്നു. ഇത് കയർ മാർക്കറ്റിംഗ് ഫെഡറേഷനെ വളരെയധികം വിഷമിപ്പിച്ചുവെന്നുള്ളതാ അനിഷേധ്യമായ ഒരു വസ്തുതയാണ്. ഏതായാലും കയർ മാർക്കറ്റിംഗ് ഫെഡറേഷന്റെ സാമ്പത്തികമായ പ്രതിസന്ധി പരിഹരിക്കുന്നതിന് മാർക്കറ്റിംഗ് ഫെഡറേഷന്റെ ഭാരവാഹികളുമായും ചർച്ച ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ സംബന്ധിച്ച് പരാമർശിച്ചതുകൊണ്ടുമാത്രം പറയുകയാണ്. മാർക്കറ്റിംഗ് ഫെഡറേഷന്റെ വിഷമത പരിഹരിക്കാൻ ധനകാര്യമന്ത്രിതന്നെ വ്യക്തിപരമായ താൽപ്പര്യമെടുത്തിട്ടുണ്ട്. ഏതാണ്ട് ഇന്ന് മാർക്കറ്റിംഗ് ഫെഡറേഷന്റെ കയ്യിൽ കെട്ടികിടക്കുന്ന കയർ കയറുൽപ്പന്നങ്ങളെന്നു പറയുന്നത് ശരിയല്ല—കയറുൽപ്പന്നങ്ങൾക്ക് വിഷമമില്ല. കയർ യാണിന്റെ പ്രശ്നത്തിൽ മാത്രമേ ഇന്ന് വിഷമമുള്ളു. ആ കയർ യാൺ വിറ്റഴിക്കുന്നതിനാവശ്യമായ പണം അവർക്ക് ലഭ്യമാക്കാൻ മാർജിൻ മണിയും മറ്റും ഗവൺമെന്റിൽനിന്നും നൽകാൻ നടപടികളെടുത്തുവരികയാണ്. കഴിഞ്ഞ ഒരാഴ്ചയായി ഇതു സംബന്ധിച്ചുള്ള നടപടി ഗവൺമെന്റ് എടുത്തുവരുന്നുണ്ട്. അതോടൊപ്പം തന്നെ ഈ സഹകരണസംഘങ്ങൾക്ക് വില കുറയ്ക്കുന്നതിന് വിഷമമുണ്ടെന്നു സമ്മതിക്കുന്നു. പക്ഷെ മാർക്കറ്റിൽ നമ്മുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ മാർക്കറ്റിംഗ് മനോഭാവത്തോടുകൂടി ഫെഡറേഷനും സഹകരണസംഘങ്ങളും മുന്നോട്ടു പോകണം. ശ്രീ. രാജൻ ഇവിടെ തൊണ്ട് സംഭരിക്കുന്നതിനെപ്പറ്റി പറഞ്ഞു. 1986 ജനുവരിമാസം മുതൽ ജൂൺ 7—ാം തീയതിവരെ 11.74 കോടി തൊണ്ട് സംഭരിച്ചു കഴിഞ്ഞു. 1985—ലാണ് ഏറ്റവും നല്ല തൊണ്ട് സംഭരണം നടന്നതെന്ന് എല്ലാവർക്കുമറിയാം. 1985 ജനുവരി ഒന്നുമുതൽ ഈ കാലയളവിൽ, കഴിഞ്ഞ വർഷം 11.65 കോടിയായിരുന്നു. ഇപ്പോൾ കഴിഞ്ഞ കൊല്ലത്തേക്കാൾ ഒട്ടും കുറവല്ലാത്ത രീതിയിൽ തൊണ്ട് സംഭരണം നടക്കുന്നുണ്ട്. ഇതു കൂടുതൽ ഊർജ്ജിതമാക്കാനുള്ള തടസ്സം സഹകരണ സംഘങ്ങളിലുണ്ടായ സാമ്പത്തിക ക്ലേശമാണെന്ന് ഗവൺമെന്റ് മനസ്സിലാക്കുന്നു. ഇത് പരിഹരിക്കുന്നതിനുള്ള നടപടിയാണെടുക്കുന്നത്. ബഹുമാനപ്പെട്ട രാജൻ 85 കോടി തൊണ്ട് സഹകരണസംഘങ്ങൾക്ക് വാങ്ങണമെന്നു പറഞ്ഞു. 85 കോടി തൊണ്ട് അവർക്ക് absorb ചെയ്യാൻ സാധിക്കുമെന്ന വിശ്വാസമെനിക്കില്ല. ബഹുമാനപ്പെട്ട രാജനും അദ്ദേഹത്തിന്റെ പാർട്ടിക്കും വളരെയധികം ബന്ധമുള്ളതാണ് ഈ വ്യവസായമെന്ന് എനിക്കറിയാം. ഇതുവരെ 24 കോടിയിലധികം തൊണ്ട ഈ സംസ്ഥാനത്ത് സംഭരിച്ചിട്ടില്ല. 1985—ൽ മാത്രമാണ് അതിനേക്കാൾ അധികം തൊണ്ട് സംഭരിച്ചത് എന്നുള്ളതാ വസ്തുതയാണ്. അതുകൊണ്ട് സഹകരണസംഘങ്ങൾക്ക് തൊണ്ട് ലഭ്യമാകുന്നതിന് വിഷമമുണ്ടാകുന്ന ഒരു പ്രവർത്തനവുമുണ്ടാകുകയില്ല. ഇന്നത്തെ നിലയിൽ മാറ്റം വരണമെന്നൊക്കെ പറയുന്നത് തന്നെ സഹകരണസംഘങ്ങൾക്ക് തൊണ്ട് ലഭ്യമാക്കാനാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കയർ മാർക്കറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഫെഡറേഷന്റെ സാമ്പത്തികമായ പ്രതിസന്ധി തീർക്കാൻ ധന കാര്യമന്ത്രിയുമായി ചർച്ച ചെയ്തു ചില നടപടികളെടുത്തിട്ടുണ്ട്. അതനുസരിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിന് തക്കതായ നടപടികളും കഴിയുന്നത്ര വേഗം സ്വീകരിക്കുമെന്ന് സഭയെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. വി.കെ. രാജൻ: തൊണ്ട് നിയന്ത്രണ ഉത്തരവിൽ മാറ്റം വരുത്തി റെറ്റിംഗ് പോയിന്റിൽനിന്ന് തൊണ്ട് സംഭരിക്കാമെന്നുള്ള ഒരു പ്രഖ്യാപനം ഗവൺമെന്റിൽനിന്നു വന്നതായി കാണുന്നു. അപ്പോഴും ഗവൺമെന്റ് ആദ്യത്തേതിൽനിന്നു മാറി റെറ്റിംഗ് പോയിന്റിൽനിന്ന് എന്നുള്ള നിലപാടിലേക്ക് എത്തിയിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ്: സർ, അത് ആ സമയത്ത് പറയേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ടതല്ല.

IV. സബ്മിഷൻ

(1) പത്ര ഏജന്റന്മാരുടെ സമരം

ശ്രീ. പി.പി. തങ്കച്ചൻ: സർ, നമ്മുടെ സംസ്ഥാനത്തെ പ്രമുഖ പത്രങ്ങളായ മലയാള മനോരമ, മാതൃഭൂമി, ദീപിക എന്നീ പത്രങ്ങളുടെ ഏജന്റന്മാർ കഴിഞ്ഞ കുറെ ദിവസങ്ങളായി സമരത്തിലാണ്. ജൂൺ മാസം 15–ാം തീയതി മുതൽ പത്രങ്ങളും വിതരണം നടത്തുക എന്ന ജോലികൂടി ബഹിഷ്ക്കരിച്ചുകൊണ്ട് അവർ പുതിയ സമര മാർഗ്ഗം അവലംബിച്ചിരിക്കുകയാണ്. ഇതിനെത്തുടർന്ന് നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിന് പത്ര വായനക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നുണ്ട്. അതുപോലെ സമരത്തിൽ ഏർപ്പെട്ടിട്ടുള്ള ഏജന്റുമാർക്കും വളരെയേറെ ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നുണ്ട്. നിർഭാഗ്യമെന്നു പറയട്ടെ ഇതിൽ ഒരു ഒത്തുതീർപ്പ് ഉണ്ടാക്കാൻ വേണ്ടി ആരും തന്നെ മുന്നോട്ട് വരുന്നില്ല എന്നുള്ളതാണ് ഒരു വലിയ പരാധീനതയായി ഇന്ന് അനുഭവപ്പെടുന്നത്. ഒഴാഴ്ച കഴിഞ്ഞിട്ടും ഈ സമരം ഒത്തുതീർപ്പ് ആക്കാൻ വേണ്ടി മാനേജുമെന്റോ, അല്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രീയ പ്രതിനിധികളോ, മറ്റേതെങ്കിലും പ്രതിനിധികളോ മുന്നോട്ട് വന്നതായി മനസ്സിലാക്കാൻ സാധിക്കുന്നില്ല. മറ്റ് പല സമരങ്ങളും സംസ്ഥാനത്തിൽ നടക്കുമ്പോഴും സമരത്തിൽ മാനേജുമെന്റും തൊഴിലാളികളും പിടിവാശി ഉപേക്ഷിച്ചുകൊണ്ട് ഒരു അനുരഞ്ജന മനോഭാവത്തോടുകൂടി പ്രശ്നങ്ങളും ചർച്ചചെയ്തു സമരം തീർക്കണമെന്ന് പറയാറുണ്ട്. പത്രങ്ങളിലെ മുഖപ്രസംഗങ്ങളിൽ സാധാരണ അവരൊക്കെ അങ്ങനെ എഴുതാറുണ്ട്. പത്രക്കാരുടെ ഏജന്റന്മാർ സമരം നടത്തുമ്പോഴും അനുരഞ്ജന മനോഭാവത്തോടുകൂടി ഒരു ഒത്തുതീർപ്പ് ആക്കാൻ വേണ്ടി മാനേജ്മെന്റ് മുന്നോട്ട് വരുന്നില്ല എന്നുള്ളതു വളരെ സങ്കടകരമായ ഒരു വസ്തുതയാണ്. ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയോട് എന്റെ അഭ്യർത്ഥന, എങ്ങനെയെങ്കിലും ഈ കാര്യത്തിൽ ഇടപെട്ട് പാവപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാക്കാൻ ഇനിയെങ്കിലും ശ്രമിക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly